**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 28.06.2025 മുതൽ 02.07.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 26/2025 (51) വെള്ളിയാഴ്ച** | **തീയ്യതി 27/06/2025** |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 28.06.2025 | 29.06.2025 | 30.06.2025 | 01.07.2025 | 02.07.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 16 | 5 | 1 | 2 | 2 |
| ഉയർന്ന താപനില (°C) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 86 | 86 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 3 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 290 | 290 | 320 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 6 | 6 | 5 | 5 |

**കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. 2025 ജൂൺ 27, 28 തീയതികളിൽ കേരളത്തിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.**

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | വിതക്കൽ/ പറിച്ചുനടീൽ | നിലം ഒരുക്കുന്ന സമയത്ത് ഒരു ഏക്കറിന് 140 കിലോഗ്രാം കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മഴക്കാലത്ത് നെല്ലിൽ പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ എന്നിവ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി ഒരു കിലോഗ്രാം നെൽവിത്ത് സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ അര മണിക്കൂർ കുതിർത്ത് വെച്ച് വിതയ്ക്കുക. അല്ലെങ്കിൽ ഞാറിന്റെ വേര് സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ അര മണിക്കൂർ മുക്കിവെച്ച് നടുക. (10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനി തയ്യാറാക്കാം.) |
| വാഴ | പരിചരണം | വാഴത്തോട്ടങ്ങളിൽ മണ്ണിൽ നനവുണ്ടെന്ന ഉറപ്പുവരുത്തി പി.ജി.പി.ആർ.മിക്സ് I (കുഴി ഒന്നിന് 50-100 ഗ്രാം) അഞ്ചു കിലോഗ്രാം ജൈവവളവുമായി കലർത്തി നൽകാവുന്നതാണ്. കടലപ്പിണ്ണാക്ക് ഒരു കിലോഗ്രാം വച്ച് നൽകുന്നത് വാഴയ്ക്ക് അനുയോജ്യമാണ്. വേപ്പിൻ പിണ്ണാക്ക് പല തവണയായി നൽകുന്നത് വഴി കീടനിയന്ത്രണവും സാധ്യമാകും. നട്ട 3,6,9,10 മാസമായ വാഴകളിൽ പഞ്ചഗവ്യം (3%) ഇലകളിൽ തളിച്ച് കൊടുക്കാവുന്നതാണ്. ജൈവവളങ്ങൾ വാഴ നട്ട രണ്ടാം മാസവും നാലാം മാസവും തുല്യ തവണകളായി നൽകാം. പയറുവർഗ്ഗ വിളകൾ ഇടസ്ഥലത്തു വിതച്ചു 40 ദിവസം ആകുമ്പോൾ മണ്ണിൽ ചേർത്ത് കൊടുക്കുക. ഇവയെല്ലാം വളർച്ചയും കീടരോഗ പ്രതിരോധവും ത്വരിതപ്പെടുത്തുന്നു. |
| തെങ്ങ് | പരിചരണം | പ്രധാനമായും അമ്ലാംശം കൂടുതലുള്ള മണ്ണിൽ രാസവളങ്ങൾക്കു പുറമെ പ്രതിവർഷം തെങ്ങൊന്നിന് ഒരു കിലോഗ്രാം കുമ്മായമോ ഡോളോമൈറ്റോ ഏപ്രിൽ- മെയ് മാസങ്ങളിൽ രാസവള പ്രയോഗത്തിന് മുൻപ് തടങ്ങളിൽ വിതറി ചേർക്കണം. രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് 25 കിലോ ജൈവവളവും 5 കിലോ വേപ്പിൻ പിണ്ണാക്കും നൽകണം. രാസവളത്തിന്റെ മൂന്നിൽ ഒരു ഭാഗമായ 400 ഗ്രാം യൂറിയ 600 ഗ്രാം റോക്ഫോസ്ഫേറ്റ് 700 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ മെയ്-ജൂൺ മാസത്തിലും മൂന്നിൽ രണ്ടു ഭാഗം സെപ്റ്റംബർ-ഒക്ടോബർ മാസത്തിലും കൊടുക്കാം. തെങ്ങിന് ചുറ്റും ചുവട്ടിൽ നിന്നും 2 മീറ്റർ വീതിയിൽ തടം തുറന്നു ജൈവവളവും രാസവളവും മണ്ണുമായി ചേർത്ത് കൊടുക്കണം. |

മൃഗസംരക്ഷണം-: ആട്ടിൻ കൂട്ട നിർമ്മിക്കുമ്പോൾ ഒരു ആടിന് 1m2 വിസ്തീർണ്ണമാണ് കണക്കാക്കുന്നത്. എന്നാൽ ഇത് പാലിക്കാതെ വരുന്ന അവസരങ്ങളിൽ ആടുകൾ തിങ്ങി പാർക്കുമ്പോൾ മഴക്കാലങ്ങളിൽ ശ്വാസകോശ സംബന്ധമായ അണുബാധയുണ്ടാകുന്നു. വായിൽ നിന്നും മൂക്കിൽ നിന്നും വരുന്ന വെള്ളയും മഞ്ഞയും നിറത്തിലുള്ള കട്ടികൂടിയ ദ്രാവകമാണ് ഇതിന്റെ ലക്ഷണം. ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ കൃത്യമായ ചികിത്സ നൽകാൻ ശ്രദ്ധിക്കുക.